For circulation among believers only

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ വാർത്താപത്രിക

Reg. No. M6/33628/2001

Postal Reg. No. KL/CR/EKM/429/2006-08

Annual Subscription Rs. 50

വാല്യം - 7 | ലക്കം - 12 | നവംബർ 2008

# മിസോറാം "വിസ്മയം ഈ നാട്"

മലനിരകളാൽ സമ്പന്നമായ മിസോറാം ഭാരതത്തിലെ മറ്റ് ഏത് സംസ്ഥാനത്തെക്കാളും സവിശേഷതകൾ നിറഞ്ഞ ഭൂപ്രദേശമാണ്. 'ബ്ലൂമൗണ്ടൻ' എന്ന 'ഫൗങ്ങപുയ്' മലയുടെ തലയെടുപ്പിൽ നിന്നാണ് സവിശേഷതകളുടെ ആരംഭം. പച്ച പരവതാനി വിരിച്ച ഹരിതഭംഗി. തൊട്ടുരുമ്മിയും തോളുരുമ്മിയും നിൽക്കുന്ന ഉത്തുംഗശൃംഗങ്ങൾ. അവയെ താരാട്ടുപാടി ഉറക്കാനെന്നോണം തൊട്ടു തലോടി നൃത്തം ചവിട്ടുന്ന ഇളം തണുപ്പുള്ള കാറ്റ്. തന്റെ സാന്നിധ്യം ഈ ഭംഗിക്ക് മങ്ങലേൽപ്പിക്കുമോ എന്ന് ഭയന്ന് എത്തി നോക്കി കടന്നു പോകുന്ന സൂര്യൻ. രാത്രിയിൽ മേഘങ്ങൾക്കിടയിലൂടെ ഒളികണ്ണിട്ട് ശക്തിയോടെ പ്രകാശിക്കുന്ന ചന്ദ്രൻ.അതിനു ചുറ്റും കണ്ണുചിമ്മി കളിക്കുന്ന നക്ഷത്രങ്ങളെ കണ്ടാൽ വാരിയെടുക്കാൻ തോന്നും.

'പ്രകൃതി ഭംഗിയുടെ കലവറ' എന്നാണ് ഇംഗ്ലീഷുകാരനായ ക്യാപ്റ്റൻ റ്റി.എച്ച്. ലിവൈൻ തന്റെ പുസ്തകത്തിൽ മിസോറാമിനെ വിശേഷിപ്പിച്ചിരിക്കുന്നത്. മിസോറാമികൾ മറ്റ് വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ ആദിവാസികളുടെ ചരിത്രത്തോട് സമാനത പുലർത്തുന്നവരാണ്. ചൈനയിലെ 'ഷിൻ ലുങ്ങി'ലെ 'യാലുങ്ങ്' നദി തീരത്തു നിന്ന് വന്നവരാണ് മിസോറാമിലെ പൂർവ്വികർ. ചരിത്രത്തിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്ത ഒരു കാലഘട്ടത്തിൽ ചൈനയിൽ നിന്നുള്ള 'മഹാ മംഗോളി' കുടിയേറ്റത്തിലാണ് മിസോറാം അടക്കമുള്ള വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ മംഗോളി വർഗ്ഗത്തിൽപ്പെട്ട ആദിവാസികൾ താമസമാരംഭിച്ചത്. ചൈനയിലെ തിബറ്റിനോട് ചേർന്ന പ്രദേശമായ 'ഷിൻലുങ്ങി' ലെ കൊടും ശൈത്യത്തിൽ നിന്ന് വഴി മാറി വന്നതായിരിക്കാം ഇവർ എന്ന് ചരിത്രകാരൻമാർ കരുതുന്നു.

രണ്ട് ഘട്ടങ്ങളിലായിട്ടാണ് മിസോറാമിൽ കുടിയേറ്റം ഉണ്ടായത്. ആദ്യം വന്നവരെ 'കുക്കീസ്' എന്നും രണ്ടാമത് വന്നവരെ 'ന്യൂ കുക്കീസ്' എന്നും ആണ് അറിയപ്പെടുന്നത്. 18-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാരുടെ വരവോടെയാണ് 'മിസോ' എന്ന പേരിൽ ഇവർ ചരിത്രത്തിൽ അറിയപ്പെടുവാൻ തുടങ്ങിയത്. ബർമ്മയും, (മ്യാൻമാർ), ബംഗ്ലാദേശും അടക്കം നോർത്ത് ഈസ്റ്റ് ഒറ്റ പ്രദേശമായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത്. എന്നാൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ബർമ്മയും, ബംഗ്ലാദേശും സ്വതന്ത്ര രാജ്യങ്ങളായി. അതിനു മുമ്പ് ബ്രിട്ടീഷുകാർ 1919-ൽ നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങൾ രൂപീകരിച്ചപ്പോൾ ആസാമിൽ 'ലുഷായിഹിൽ'എന്ന പേരിൽ ഒരു ജില്ലയായി മിസോറാമിനെ ചേർത്തു. 1935-ൽ പിന്നാക്ക ആദിവാസി മേഖലയെന്ന പ്രത്യേക പദവിയും 'ലുഷായി ഹില്ലി' നു നൽകി.

മിസോറാമിന്റെ മറ്റൊരു സവിശേഷത 9-ാം നൂറ്റാണ്ടിൽ ബ്രിട്ടനിൽ നിന്നുള്ള മിഷണറിമാർ ഇവിടെ വന്നു എന്നുള്ളതാണ്. ഇന്ത്യയിൽ സാക്ഷരതയിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന മിസോറാമിനെ അന്ന് വന്ന മിഷണറിമാർ റോമൻ ലിപിയുപയോഗിച്ച് അവരുടെ ഭാഷയ്ക്ക് അക്ഷരമുണ്ടാക്കി അവരെ എഴുതുവാൻ പഠിപ്പിച്ചു. ആ കാലഘട്ടങ്ങളിൽ തന്നെ വിദ്യാഭ്യാസ രംഗത്ത് മിസോറാമികൾ വൻ കുതിച്ചു ചാട്ടം നടത്തി. അതിന്റെ അലകളെന്നോണം ഭൂരിഭാഗം മിസോറാമികളും ക്രിസ്ത്യാനികളായി.


ഐസ്വാൾ നഗരത്തിന്റെ ഭാഗം

കൃഷി ചെയ്ത് ജീവിക്കുന്ന മിസോറാമികളുടെ സാമൂഹിക വാസം വളരെ പ്രത്യേകത നിറഞ്ഞതാണ്. മലയിടുക്കുകളിലും, മലകളിലുമാണ് ഇവരുടെ ഗ്രാമങ്ങൾ സ്ഥിതി ചെയ്യുന്നത്. ഗ്രാമത്തിന്റെ കേന്ദ്രസ്ഥാനത്ത് ഗ്രാമത്തലവന്റെ വീട്. ചുറ്റിനും മറ്റ് വീടുകൾ. അതിനും പുറത്തായിട്ട് 'സാവ്ഭുക്ക്' എന്ന പേരിൽ അറിയപ്പെടുന്ന അവിവാഹിതർക്ക് താമസിക്കുവാനുള്ള സ്ഥലം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും രണ്ടിടങ്ങളിലായിട്ടാണ് ഈ സംവിധാനം. 'സാവ്ഭുക്കു' കൾ യുവതലമുറയുടെ ഗുരുകുലങ്ങളാണ്. കൗമാരപ്രായം കഴിയുമ്പോൾ സമൂഹത്തിൽ പക്വതയോടെ ജീവിക്കുവാൻ പാകപ്പെടുത്തുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

എഴുന്നൂറ്റി ഇരുപത്തിരണ്ട് കിലോമീറ്റർ അന്താരാഷ്ട്ര അതിർത്തിക്കുള്ള മിസോറാമിന്റെ തെക്ക് കിഴക്ക് മ്യാൻമാറും, പടിഞ്ഞാറ് ബംഗ്ലാദേശും സ്ഥിതി ചെയ്യുന്നു. 1972 വരെ ആസാമിന്റെ ഭാഗമായിരുന്ന മിസോറാം 1987 ഫെബ്രുവരി 20-ാം തീയതി രാജീവ്ഗാന്ധി ഒരു സംസ്ഥാനമായി പ്രഖ്യാപിക്കുന്നതുവരെ കേന്ദ്രഭരണ പ്രദേശമായിരുന്നു.

പ്രകൃതി വിഭവങ്ങൾ വിളയുവാൻ വളക്കൂറുള്ള മിസോറാമിലെ സുവിശേഷ പ്രവർത്തനങ്ങളുടെ വളർച്ച ഒട്ടും തൃപ്തികരമല്ല. നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഇവരുടെ ഇടയിൽ സുവിശേഷമെത്തിയെങ്കിലും കാലപ്പഴക്കത്തിൽ ക്രിസ്ത്യാനിത്വം പേരിൽ മാത്രമായി. പാശ്ചാത്യ സംസ്ക്കാരത്തിന്റെ ആവിർഭാവത്തോടെ ഇവരുടെ ജീവിതചര്യകളിൽ വലിയ

ശേഷം 3-ാം പേജിൽ



നഗരത്തിലെ മാർക്കറ്റ്


നാടോടി നൃത്തം

## വിൽ ഗ്രഹാം തിരുവല്ലയിൽ



ഡോ. ബില്ലി ഗ്രഹാമിന്റെ കൊച്ചുമകൻ വിൽ ഗ്രഹാം ഡിസംബർ 5,6,7 തീയതികളിൽ തിരുവല്ലാ മുനിസിപ്പൽ സ്റ്റേഡിയത്തിൽ പ്രസംഗിക്കുന്നു. വൈകുന്നേരം 5.30 മുതൽ 8.30 വരെയാണ് യോഗങ്ങൾ. 'ഫെസ്റ്റിവൽ ഓഫ് പീസ്' എന്ന പ്രോഗ്രാമിന്റെ രക്ഷാധികാരികളിൽ ഒരാൾ കർത്തൃദാസൻ എം.എം. സഖറിയയാണ്. വലിയ ആത്മീക അനുഗ്രഹത്തിനായി ദൈവമക്കൾ പ്രാർത്ഥിക്കണമെന്ന ഭ്യർത്ഥിക്കുന്നു.

## ജോർജ് വെർവർ ഇൻഡ്യയിൽ

പ്രാർത്ഥനയുടെ ഫലമായി 35ൽ പരം വർഷങ്ങൾക്കു ശേഷം ഓപ്പറേഷൻ മൊബിലൈസേഷൻ സ്ഥാപകൻ സഹോ. ജോർജ് വെർവർ ഇൻഡ്യയിലെത്തി. മുംബെയിലും, ബാംഗ്ലൂരിലും, ഹൈദരാബാദിലും അദ്ദേഹം യോഗങ്ങളിൽ സംബന്ധിച്ചു. എക്സ് ഒ.എം കാരുടെ പ്രത്യേക യോഗത്തിലും സംസാരിച്ചു. പ്രായം അധികമായെങ്കിലും ഊർജ്ജസ്വലതയ്ക്കു കുറവില്ലെന്നു പങ്കെടുത്ത ഒരു സഹോദരൻ അറിയിച്ചു.

## എ.ആർ. പീറ്റർ ആശുപത്രിയിൽ

പാലക്കാട് എൻജിനിയറിംഗ് കോളജ് അദ്ധ്യാപകനും ബ്രദ്റൻ സഭാ എൽഡറുമായ സഹോ. എ.ആർ.പീറ്റർ 10 മണിക്കൂറോളം നീണ്ട ശസ്ത്രക്രീയയെ തുടർന്ന് എറണാകുളം അമൃതാ ഹോസ്പിറ്റലിൽ സൗഖ്യം പ്രാപിച്ചു വരുന്നു. മൂക്കിൽ ഉണ്ടായ ട്യൂമർ തലച്ചോറിലേക്ക് വ്യാപിച്ചതിനെ തുടർന്നാണ് (Olfactory Neuroblastoma) തലയോട്ടിയിളക്കിയുള്ള ഓപ്പറേഷൻ നടത്തിയത്. ദൈവമക്കളുടെ ശ്രദ്ധയേറിയ പ്രാർത്ഥനയ്ക്ക് ഭാര്യ ഷേർലി പീറ്റർ നന്ദി അറിയിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിലുള്ള പ്രവർത്തനങ്ങളിൽ സജീവമായിരുന്ന സഹോദരൻ എത്രയും വേഗം പൂർണ്ണ സൗഖ്യം പ്രാപിക്കാൻ തുടർന്നും പ്രാർത്ഥിക്കുക.

# പ്രയർ കോൺഫറൻസ് സമാപിച്ചു

ഭിലായ്, നവംബർ 10 മുതൽ 13 വരെ ഭിലായ് മാർത്തോമ്മാ ക്യാമ്പ് സെന്ററിൽ നടന്ന പ്രയർ കോൺഫറൻസ് അതിശക്തമായ പ്രാർത്ഥനയ്ക്ക് വഴിമരുന്നിട്ടുകൊണ്ട് അനുഗ്രഹകരമായി പര്യവസാനിച്ചു. ചത്തിസ്ഗഡ്, മദ്ധ്യപ്രദേശ് സംസ്ഥാനങ്ങളിൽ നിന്നും മൂപ്പന്മാർ, സുവിശേഷകർ, സഹോദരീസഹോദരന്മാർ തുടങ്ങിയവർ പങ്കെടുത്ത കോൺഫറൻസിൽ കൂടുതലും യുവജനങ്ങളായിരുന്നു എന്നത് വൻ പ്രതീക്ഷയ്ക്ക് വക നൽകി. 150 ഓളം പേർ സജീവമായി പങ്കെടുത്ത പ്രോഗ്രാമിൽ സഹോദരന്മാരായ മാത്യു പോൾ, ജോൺ കുര്യൻ. കെ. തോമസ് മാത്യു തുടങ്ങിയവർ പ്രധാന ക്ലാസ്സുകളെടുത്തു. ചത്തിസ്ഗഡ് തെരെഞ്ഞെടുപ്പ് 14 നായിരുന്നതുകൊണ്ട് 13ന് കോൺഫറൻസ് സമാപിച്ചു. സഹോദരങ്ങളായ ഷാലു റ്റി. നൈനാൻ, സാംസൺ നൈനാൻ, ജെയിംസ് സാമുവൽ, സിബു തോമസ് തുടങ്ങിയവർ ചുമതലകൾ നിർവഹിച്ചു. അതുൽ മസി, ഹർബുഷൻ തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ ചെയ്തു. 13ന് നടന്ന ഫാസ്റ്റിംഗ് പ്രയറിൽ മിക്കവാറും എല്ലാവരും പങ്കെടുത്തു. ഉച്ചയ്ക്ക് 12 മണി മുതൽ നടന്ന പ്രത്യേക പ്രാർത്ഥന 5 മണിക്ക് സമാപിക്കുമ്പോൾ വടക്കേ ഇൻഡ്യയുടെ ചരിത്രത്തിലേ പുതിയ അദ്ധ്യായമായി അതു മാറി. രാജ്യങ്ങൾക്കുവേണ്ടിയും തെരെഞ്ഞെടുപ്പിനായും പ്രത്യേക പ്രാർത്ഥനകൾ നടന്നു. കസാക്കിസ്ഥാനിൽ നിന്നു സഹോ. റബ്ബി ജോൺ കുടുംബം വീഡിയോ കോൺഫറൻസിംഗിലൂടെ പ്രാർത്ഥനാ വിഷയങ്ങൾ അറിയിച്ചത് കോൺഫറൻസിലെ പുതുമയായിരുന്നു. വ്യക്തിപരമായ അനവധി തീരുമാനങ്ങളോടെയാണ് പങ്കെടുത്തവർ മടങ്ങിയത്.


കോൺഫറൻസിൽ പങ്കെടുത്തവർ


മാത്യു പോൾ, തോമസ് മാത്യു, ജോൺ കുര്യൻ എന്നിവർ സന്ദേശം നൽകുന്നു

# നമ്മുടെ ആരാധനയോഗങ്ങൾ

**കർത്തൃദാസൻ എം. ഇ. ചെറിയാൻ സാറിന്റെ ലേഖനം 'സുവിശേഷകൻ' പ്രസിദ്ധീകരിച്ചത്** (Vol. LVII, No. II) **താഴെ കൊടുക്കുന്നു.**

"ആരാധന ക്രിസ്ത്രീയ ജീവിതത്തിലെ സർവപ്രധാനമായ വിഷയമാണ്. അത് ഞായറാഴ്ചകളിൽ മാത്രം ചെയ്യേണ്ടതല്ല. ദൈവത്തിന് അവന്റെ മഹത്വത്തിനു തക്ക ബഹുമാനം നൽകുന്നതാണ് ആരാധന. സ്തുതി സ്തോത്രങ്ങളോടെ ഭക്തിപൂർവ്വം ദൈവത്തെ വണങ്ങുന്നതാണ് ആരാധന. അത് വിശ്വാസികൾ വ്യക്തിയായി ചെയ്യണം. കുടുംബമായി ചെയ്യണം. സഭയായി ചെയ്യണം. ആരാധിക്കുമ്പോൾ നാം നമ്മുടെ ദൈവമായ യഹോവയെ വാഴ്ത്തുന്നു. അവന്റെ ഉപകാരങ്ങളെ ഓർക്കുന്നു. വ്യക്തിയായും കുടുംബമായുമുള്ള ആരാധന വളരെ കുറഞ്ഞുപോയ ഒരു കാലത്താണ് നാം ജീവിക്കുന്നത്. കുടുംബാരാധന പല വീടുകളിലും വല്ലപ്പോഴുമേയുള്ളൂ. ഒട്ടുമില്ലാത്ത വീടുകളും വിരളമല്ല. എന്നാൽ നാം സഭയായുള്ള ആരാധന മുടക്കരുതെന്നുള്ള നിർബന്ധ ശീലികളാണ്.. ഞായറാഴ്ച ആരാധന യോഗത്തിന് വല്ല നിവൃത്തിയുമുണ്ടെങ്കിൽ നാം പോകും. നമ്മുടെ ആരാധന യോഗങ്ങൾ ഒരു കാലത്ത് വളരെ സജീവമായിരുന്നു. ദൈവസാന്നിദ്ധ്യബോധം ഓരോരുത്തരെയും ഭരിച്ചിരുന്നു. ദൈവത്തെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുകയായിരുന്നു.

ഇന്നോ? ആരാധന ഒരു ചടങ്ങായിത്തീർന്നിട്ടില്ലേ? എഴുതപ്പെട്ട പ്രാർത്ഥനാ പുസ്തകങ്ങൾ ഒന്നും നാം ഉരുവിടുന്നില്ലെന്നുള്ളത് സത്യമാണ്. എന്നാൽ എത്രയോ വർഷങ്ങളായി ഒരേ പ്രാർത്ഥനകളോ സ്തോത്രങ്ങളോ ഉരുവിടുന്ന ശബ്ദമല്ലോ ആഴ്ചതോറും നമ്മുടെ ആരാധാനയോഗങ്ങളിൽ നാം കേൾക്കുന്നത്. നാം ഒരു ആരാധനാക്രമം അച്ചടിച്ചുണ്ടാക്കിയിട്ടില്ല. പക്ഷെ, നമുക്ക് അച്ചിലിട്ടു വാർത്തതുപോലെയുള്ള ഒരു ക്രമം വർഷങ്ങളായിട്ടുണ്ട്. അതിൽ നിന്ന് ഇടംവലം നാം മാറുകയില്ല. മാറിയാൽ ആകാശം ഇടിഞ്ഞു വീഴുന്നതുപോലെയാണ് നമുക്ക് തോന്നുക. അതുകൊണ്ടെന്തുപറ്റി? നമ്മുടെ ആരാധനകൾ പതിവുപോലെ നടക്കുന്ന ഒരു ചടങ്ങാചാരത്തിന്റെ പ്രതീതിയെ നമുക്കു നൽകുന്നുള്ളു. ജഡത്തിന് അവസരമാക്കാത്ത ആത്മിക സ്വാതന്ത്ര്യം എന്തെന്നു നമുക്ക് അറിഞ്ഞുകൂടാ. പരിശുദ്ധാത്മ നിയന്ത്രണവും കർത്താവിന്റെ കർത്തൃത്വവും നമ്മുടെ ആരാധാനാ യോഗങ്ങളിൽ നഷ്ടപ്പെട്ടതുപോലെ തോന്നുന്നു.

എങ്ങനെയാണ് ആരാധനായോഗം നടക്കേണ്ടതെന്നതിന്റെ ഒരു മാതൃകയോ നിർദ്ദേശമോ പുതിയ നിയമത്തിലില്ല. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾതോറും അപ്പം നുറുക്കുവാനുള്ള കൂടിവരവുകൾ അന്നുണ്ടായിരുന്നു. അപ്പോ. 20:7, 1 കൊരി.16:2 ആ കൂടിവരവുകളുടെ രീതി എങ്ങനെയായിരുന്നു എന്നു വെളിപ്പെടുത്തിയിട്ടില്ല. 1 കൊരി. 14:26 – ൽ കൊരിന്തിലെ കൂടി വരവിന്റെ ഒരു ചിത്രം കാണാം. ആകയാൽ എന്ത്? എന്നു ചോദിച്ചുകൊണ്ട് പൗലോസ് അവിടെ പറയുന്നത് "സകലവും ആത്മിക വർദ്ധനയ്ക്കായി ഉതകട്ടെ" എന്നാണ്. ഒരു നിശ്ചിത ക്രമം മാത്രം എന്നും പിന്തുടർന്നുകൊണ്ടിരിക്കാൻ അല്ല, ആത്മിക വർദ്ധനയ്ക്ക് ഉതകത്തക്കവണ്ണം കൂടിവരവുകൾ നടക്കണമെന്നാണ് പൗലോസ് എഴുതുന്നത്.

ആദ്യം രണ്ടു സ്തോത്രഗീതങ്ങൾ, പിന്നെ ഒരു സങ്കീർത്തനം വാക്യം പ്രതിവാക്യം വായിക്കുക. സ്തോത്രപാർത്ഥനകൾ, പ്രബോധന ധ്യാനങ്ങൾ അപ്പം മുറിക്കൽ ഇങ്ങനെ പോകുന്നു നമ്മുടെ ആരാധനക്രമം. അത് മാത്രം മാറ്റണമെന്നല്ല. ഒരാഴ്ച സ്തോത്രപ്രാർത്ഥനയോടെ ആരംഭിക്കുകയോ, ഇടയിൽ സ്തോത്രസാക്ഷി ഒരാൾ പറയുകയോ ചെയ്യാനുള്ള ആത്മീക സ്വാതന്ത്ര്യത്തെ നാം ഹനിക്കരുത്. നാം വളരെ വർഷങ്ങളായി നടത്തിവരുന്ന ആ രീതി അതുപോലെ വേദാനുസരണമാണ്, അല്പം തെറ്റിയാൽ പിശകാണ് എന്ന ധാരണ മാറ്റണം.

കർത്തൃമേശയുടെ സമയത്ത് മിക്ക സ്ഥലങ്ങളിലും കണ്ടുവരുന്ന ഒരു രീതി ഒന്ന് മാറ്റുന്നത് കൊള്ളാമെന്നു തോന്നുന്നു. ആരാധനയിൽ സ്തോത്രഗീതങ്ങൾക്ക് വളരെ സ്ഥാനമുണ്ട്. പാട്ടുകൾ പാടണം. എന്നാൽ കർത്തൃമേശ നടന്നുകൊണ്ടിരിക്കുമ്പോൾ പൂർണ്ണ നിശ്ശബ്ദതയോടെ ധ്യാനിച്ചുകൊണ്ടിരിക്കുന്നത് ആത്മീകാന്തരീക്ഷത്തെ വളർത്തുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ശുശ്രൂഷകൻ അപ്പം മുറിക്കാൻ തുടങ്ങുമ്പോഴെ സഭയിൽ ഒരാൾ ഉച്ചത്തിൽ പാട്ടു തുടങ്ങും. പിന്നെ എല്ലാവരും ഏറ്റുചൊല്ലുകയായി. അപ്പവും പാത്രവും പകർന്നുകൊണ്ടിരിക്കുമ്പോൾ എല്ലാവരും പാട്ടുപാടിക്കൊണ്ടിരിക്കുക. അന്തരീക്ഷം ശബ്ദമുഖരിതമായതിനാൽ ചിലർക്കൊന്ന് കുശുകുശുക്കുന്നതിനും മഹായോഗമാണെങ്കിൽ പ്രവർത്തകർക്ക് അടുത്ത പരിപാടിയെപ്പറ്റി സംസാരിക്കുന്നതിനുമൊക്കെ സൗകര്യം കിട്ടുന്നു. അത്യന്തഭക്തിമയമായ ആ നിമിഷങ്ങൾ പാട്ടുപാടി ശബ്ദബഹുലമാക്കാതെ പൂർണ്ണനിശബ്ദത പാലിച്ചെങ്കിൽ ഓരോരുത്തർക്കും വ്യക്തിപരമായി കർത്താവിനെ ധ്യാനിച്ചുകൊണ്ടിരിക്കുവാൻ സന്ദർഭം കിട്ടുമായിരുന്നു. പാട്ടുകളിൽ ധ്യാനാത്മകമായ ആശയങ്ങൾ ഉണ്ടെങ്കിലും എല്ലാവരും ഒരേ പാട്ടുപാടി ആ ഒരേ ആശയത്തെ ധ്യാനിക്കുവാൻ എന്തിനു നിർബന്ധിക്കുന്നു? പാട്ടുകൾ നാം ഒരുമിച്ച് പാടി അതിനുമുമ്പ് കർത്താവിനെ സ്തുതിച്ചതാണല്ലോ. കർത്തൃമേശയുടെ വേളയിലെ നിശ്ശബ്ദത കൂടുതൽ ഭക്തിമയവും വ്യക്തികൾക്ക് ധ്യാനനിഷ്ഠയിലായിരിക്കാൻ പ്രേരകവും ആയിരിക്കും.

എങ്ങനെയും നമ്മുടെ ആരാധാന യോഗങ്ങൾ സജീവങ്ങളാകേണ്ടിയിരിക്കുന്നു. ആഴ്ചതോറും നടക്കുന്ന ഒരു ചടങ്ങാചാരമായിത്തീരാതെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. അതിന് ചില പതിവുകൾ അല്പം മാറുന്നതിൽ തെറ്റില്ലെന്ന ധാരണ വളരണം. പരിശുദ്ധാത്മ നിയന്ത്രണം പൂർണ്ണമായും അനുഭവപ്പെടണം. മാനുഷിക നിയന്ത്രണങ്ങൾ കുറയണം.

# പൊതുപ്രവർത്തനങ്ങളും കണക്കു ബോധിപ്പിക്കലും

ദൈവജനത്തിന്റെ മദ്ധ്യത്തിൽ അനവധി പൊതുപ്രസ്ഥാനങ്ങളും ട്രസ്റ്റുകളും ഒക്കെ ഉണ്ടായത് ദൈവം കാലാകാലങ്ങളിൽ പലർക്കും നൽകിയ ദർശനത്തിന്റെ അടിസ്ഥാനത്തിലാണ്. പക്ഷേ, കാലങ്ങൾ കഴിയുമ്പോൾ ആദ്യം ലഭിച്ച ദർശനം മങ്ങുന്നതായും ചിലപ്പോൾ പൂർണ്ണമായും നഷ്ടപ്പെടുന്നതായും കാണുന്നു. എന്താണിതിനൊരു പരിഹാരം. മുൻപൊരിക്കൽ ഇതേ വേദിയിൽ പറഞ്ഞതുപോലെ വളരെയേറെ പ്രാർത്ഥിക്കണം. ഏതു പ്രസ്ഥാനമോ പ്രവർത്തനമോ ആണെങ്കിലും അതിന്റെ ഭാരവാഹികളെയും അംഗങ്ങളെയും ഓർത്ത് നിരന്തരം പ്രാർത്ഥിക്കുന്ന ചുമതല ദൈവമക്കൾ ഏറ്റെടുക്കണം. പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രവർത്തിക്കും യാതൊരു സംശയവുമില്ല. സ്നേഹ പൂർവ്വം ഉപദേശങ്ങൾ നൽക്കുകയും വേണം. എന്നാൽ ചുമതല വഹിക്കുന്നവർക്കു മറ്റുള്ളവരോടു കണക്കു ബോധിപ്പിക്കണം എന്ന ചിന്തയുണ്ടാകണം. ദൈവത്തോടു മാത്രമല്ല പൊതു പ്രവർത്തനത്തിന്റെ ഭാരവാഹികൾക്കും അംഗങ്ങൾക്കും തങ്ങൾ ഉൾപ്പെട്ട സമൂഹത്തോടും കണക്കു കൊടുക്കേണ്ടവരാണെന്ന ബോദ്ധ്യമുണ്ടായാൽ ഇന്നത്തെ പല കാര്യങ്ങളും മെച്ചപ്പെടും. പ്രത്യേകിച്ച് ഭാരമൊന്നുമില്ലാതെ സ്വയത്തിന് അഭിമാനിക്കാൻ ലഭിച്ച ഒരു 'സ്ഥാനം' എന്ന നിലയിൽ മാത്രമാണെങ്കിൽ ഉത്തരവാദിത്വമില്ലാതെ ആ ആൾ പെരുമാറും. പൊതു പ്രവർത്തനത്തിലും ട്രസ്റ്റിലും ഉള്ള ഭാരവാഹികളുടെ കാലാവധി ഒരു വർഷമായി ചുരുക്കണം. അംഗങ്ങളായിരിക്കുന്നവർക്കും ഏറിയാൽ രണ്ടു വർഷം. അതു കഴിഞ്ഞ് ആവശ്യമെങ്കിൽ അവരെ വീണ്ടും തെരഞ്ഞെടുക്കാം. പല ട്രസ്റ്റുകളുടെയും നിയമാവലി ഇങ്ങനെയാണെങ്കിലും ഒരോ സ്ഥാനത്തിരിക്കുന്നവർ പിന്നെയും സജീവമല്ലാതെ തുടർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് പരമാവധി 65 വയസ്സ് എന്ന നിജപ്പെടുത്തിയാൽ നല്ലതായിരിക്കും. അതുകഴിഞ്ഞാൽ ഉപദേശക സമിതിയിൽ അങ്ങയുള്ളവരെ ഉൾപ്പെടുത്താം. പലരും പറയാറുണ്ട് ഇതു ചെയ്യുവാൻ ആരുമില്ല എന്ന്. വാസ്തവത്തിൽ ആളുണ്ടെങ്കിലും ഏൽപ്പിക്കാനുള്ള മടിയാണ് കാരണം. ശരിയായ ദർശനമുള്ള യുവതലമുറയെ കൂടി ഉൾപ്പെടുത്തി പോയാൽ ഏതു പ്രസ്ഥാനവും വിജയിക്കും. ചെറുപ്പത്തിൽ നല്ല ദർശനമുണ്ടായിരുന്നെങ്കിലും പ്രായമാകുമ്പോൾ അതു കുറയും. ട്രസ്റ്റിലും മറ്റും അംഗങ്ങളാകുന്നവർ ഒരു നിശ്ചിത തുക ഡിപ്പോസിറ്റ് ചെയ്യണമെന്ന വ്യവസ്ഥയും നല്ലതായിരിക്കും. 'നമ്മുടെ പോക്കറ്റിൽ' നിന്നും ഒന്നും പോകുന്നില്ലല്ലോ എന്ന ചിന്തയും ഇന്നത്തെ ദുരവസ്ഥയ്ക്കു കാരണമാണ്. ഓരോരുത്തരും പണം മുടക്കി അംഗങ്ങളാകുമ്പോൾ കുറെക്കൂടി ഉത്തരവാദിത്വമുള്ളവരായി പെരുമാറും. രണ്ടോ മൂന്നോ മീറ്റിംഗിൽ പങ്കെടുക്കുന്നവർക്ക് അംഗത്വം നഷ്ടമാകും എന്ന നിലയുണ്ടാവണം. കേവലം വരികയില്ല എന്നറിയിച്ചാൽ പോരാ. പങ്കെടുക്കണം എന്ന നിബന്ധന വേണം. അസുഖം തുടങ്ങിയ അടിയന്തിര സാഹചര്യങ്ങൾ എല്ലാവർക്കും മനസ്സിലാകും. അല്ലാതെ തിരക്കുണ്ടെങ്കിൽ എല്ലാം കൂടി ചെയ്ത് ഒന്നും ശരിയായി നടക്കാതെ വരും. അതുകൊണ്ട് അനവധി പ്രസ്ഥാനങ്ങളിലും കമ്മറ്റികളിലും അംഗങ്ങളായിരിക്കുന്നവർ കുറെ സ്ഥാനങ്ങൾ രാജി വയ്ക്കുന്നതും അഭികാമ്യം ആയിരിക്കും. നമുക്കു വിശ്വസ്തത പുലർത്താൻ കഴിയില്ലെങ്കിൽ വേറെ ആളിനെ ഏൽപ്പിക്കാൻ തയ്യാറാകണം. അത്യധികം സമർപ്പണത്തോടെ ചുമതലകൾ നിർവഹിക്കുന്ന പലരും ഉണ്ടെന്ന കാര്യം അറിഞ്ഞുകൊണ്ടുതന്നെയാണിതെഴുതുന്നത്. ഇതൊക്കെ ചെയ്താൽ നമ്മുടെ പ്രസ്ഥാനങ്ങൾക്ക് ഉണർവ്വുണ്ടാകും. ഈ ചിന്തകൾ ബന്ധപ്പെട്ടവർ ഗൗരവമായി എടുക്കാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എഡിറ്റർ ഇൻ ചാർജ്ജ്



## ചിൽഡ്രൻസ് ക്ലബ്ബ്

# ചെറിയ വേല



വളരെ ചെറുപ്പത്തിലെ മാതാപിതാക്കൾ നഷ്ടപ്പെട്ട വികലാംഗനായ ഒരു കുട്ടിയായിരുന്നു ടോം. അവന്റെ ബന്ധുവായ ഒരു ആന്റിയുടെ വീട്ടിലായിരുന്നുടോമിന്റെ താമസം, സ്നേഹത്തോടു കൂടി ആയിരുന്നില്ല ആന്റി ടോമിനോടു പെരുമാറിയത്. മറ്റൊരാളുടെ സഹായം കൂടാതെ ജീവിക്കാൻ പറ്റാത്ത സാഹചര്യത്തിൽ ആന്റിയോടൊപ്പം കഴിഞ്ഞുവന്ന ടോം ആഗ്രഹിച്ചു ഒരു ബൈബിൾ കിട്ടിയിരുന്നുവെങ്കിൽ എന്ന്, അവന്റെ ആഗ്രഹം ആന്റിയോടു പറഞ്ഞെങ്കിലും, വാങ്ങിക്കൊടുത്തില്ല. ആന്റിയുടെ പഴയ വീടിന്റെ മുകളിലുള്ള ഒരു പഴയ മുറിയായിരുന്നു ടോമിന്റെ ലോകം. അങ്ങിനെ കഴിഞ്ഞ ടോമിന്റെ അടുക്കൽ അവന്റെ ഒരേയൊരു സുഹൃത്ത് ജാക്ക് ഒരു ദിവസം വന്നു. അവന് കുറച്ച് പണം സമ്മാനമായി കൊടുത്തു. എന്നാൽ ആ പണത്തിന് ഒരു ബൈബിൾ വാങ്ങി തരാമോ എന്ന് ജാക്കിനോട് ടോം ചോദിച്ചു. അങ്ങിനെ ടോമിന് സ്വന്തമായി ഒരു ബൈബിൾ ലഭിച്ചു. ടോം പിന്നീട് ബൈബിൾ വായിക്കുവാൻ ആരംഭിച്ചു. ടോം ആലോചിച്ചു എനിക്ക് യേശുവിനായി എന്തു ചെയ്യുവാൻ കഴിയും? അങ്ങിനെ ചിലരുടെ സഹായത്താൽ അവൻ കുറച്ചു പേപ്പറും ഒരു പേനയും സംഘടിപ്പിച്ചു. ചെറിയ തുണ്ടു പേപ്പറുകളിൽ ബൈബിളിലെ ചില വാക്യങ്ങൾ എഴുതി, അവൻ താമസിച്ച മുറിയുടെ ജനാലവഴി പ്രാർത്ഥനയോടെ പുറത്തേക്കിടുവാൻ തുടങ്ങി. എല്ലാ ദിവസവും അവൻ അങ്ങിനെ ചെയ്യുമായിരുന്നു. ഇങ്ങിനെ ഇടുന്ന പേപ്പറുകൾ ആരെങ്കിലും വായിക്കുന്നുണ്ടോ എന്നൊന്നും ടോമിന് അറിയില്ല.

ഒരു ദിവസം ടോമിന്റെ മുറിയിലേക്ക് അപരിചിതനായ ഒരാൾ കയറി വന്നു. എന്തിനാണ് തന്നെ കാണാൻ ഈ അങ്കിൾ വന്നത് എന്ന് ടോമിന് മനസ്സിലായില്ല. അദ്ദേഹം ടോമിനോട് ചോദിച്ചു നീയാണോ ഈ ജനാല വഴി തുണ്ടു പേപ്പറിൽ വാക്യം എഴുതിയിടുന്നത് എന്ന്? അതെ, എന്തുപറ്റി അങ്കിൾ ടോം ചോദിച്ചു. തുടർന്ന് അങ്കിൾ പറഞ്ഞു കഴിഞ്ഞ ദിവസം ഞാൻ ഇതുവഴി നടന്നു പോയപ്പോൾ ഒരു പേപ്പർ എന്റെ തൊപ്പിയിൽ വീണു. അതു ഞാൻ വായിച്ചു. അതിൽ നീയെഴുതിയ വാക്യം എന്നെ വളരെ ചിന്തിപ്പിച്ചു. "എന്നെ അയച്ചവന്റെ പ്രവൃത്തി പകലുള്ളടത്തോളം നാം ചെയ്യേണ്ടതാകുന്നു." ടോം, നിന്റെ ഈ പ്രതികൂല സാഹചര്യത്തിലും നീ ചെയ്യുന്ന പ്രവൃത്തി വളരെ വലുതാണ്. ടോം, ഞാനൊരു തീരുമാനം എടുത്തു. എനിക്കു ചെയ്യുവാൻ കഴിയുന്നിടത്തോളം ഇനി യേശുവിനു വേണ്ടി ചെയ്യും എന്ന്. അതിന് എന്നെ സഹായിച്ചത് നിന്റെ ഈ പ്രവൃത്തിയാണ്. ഒരു പക്ഷേ എനിക്കു മാത്രമല്ല, അനേകർക്ക് നിന്റെ ഈ പ്രവൃത്തി സന്തോഷം നൽകിയിട്ടുണ്ടാവും തീർച്ച.

പ്രിയ സ്നേഹിതരെ ഈ ടോമിനെപ്പോലെ യേശുവിനായി നമുക്കും പ്രവർത്തിക്കേണ്ടേ? ചിന്തിച്ചു നോക്കൂ! എനിക്ക് എന്തു ചെയ്യാൻ കഴിയും. കർത്താവു പറയുന്നതു ചെയ്യുക. വേദപുസ്തകം വായിക്കുക – പ്രാർത്ഥിക്കുക – പ്രവർത്തിക്കുക. യേശുവിനായി ജീവിക്കുക.

# വിശദീകരണം

കഴിഞ്ഞ ലക്കം എഡിറ്റോറിയൽ 6–ാ മത്തെ ഖണ്ഡികയിൽ 'നമ്മുടെ മദ്ധ്യത്തിൽ എങ്ങും തന്നെ മരണത്തിന് ആരാധന' നടന്നിട്ടില്ല എന്നത് 'ശവാരാധന' നടന്നിട്ടില്ല എന്നു തിരുത്തി വായിക്കാനഭ്യർത്ഥിക്കുന്നു.

വില കുറഞ്ഞ നിലയിലുള്ള ഒരു പദ പ്രയോഗമായതു കൊണ്ട് അതു മാറ്റി മരണത്തിന് എന്ന പദം ഇട്ടതുമൂലം ആ ഭാഗത്തെ ആശയത്തിന് വ്യത്യാ സം വന്നതായി ചില പ്രിയപ്പെട്ടവർ ചൂണ്ടിക്കാട്ടിയതുകൊണ്ടാണ് ഇതു വിശദീകരിക്കുന്നത്. ആരാധന എന്നു കേട്ടാൽ കർത്തൃമേശ എന്നു മാത്രം ചിന്തിക്കുന്നതു കൊണ്ടാണ് പലപ്പോഴും തെറ്റിദ്ധാരണ ഉണ്ടാകുന്നത് എന്നും മനസ്സിലാക്കുന്നു. ആരാധന ഞായറാഴ്ച മാത്രമല്ല, കർത്തൃമേശ മാത്രമല്ല എപ്പോഴും എവിടെയും ദൈവത്തെ സ്തുതിക്കുന്നതും മഹത്വപ്പെടുത്തുന്നതും ആരാധനയാണ്. ദൈവവചന സത്യങ്ങൾക്കനുസരിച്ച് ഏതു അവസരത്തിലും ഉചിതമായ നിലയിൽ ദൈവത്തെ സ്തുതിക്കാം അല്ലെങ്കിൽ ആരാധിക്കാം. പ്ര ത്യേകം ആരാധന എന്ന പദം ഉപയോഗിച്ചില്ലെങ്കിലും നാമെല്ലാം അതു ചെയ്യുന്നുമുണ്ട്. അത് വചനാനുസരണവുമാണ്.

എഡിറ്റർ

**കാണാതെ പഠിക്കുക**

**യോഹന്നാൻ 9:4**

*"എന്നെ അയച്ചവന്റെ പ്രവർത്തി പകൽ ഉള്ളടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർ ത്തിച്ചു കൂടാത്ത രാത്രി വരുന്നു".*

**യോഹന്നാൻ 9:4**

**– പി.യു. തങ്കച്ചൻ,**
തിരുവനന്തപുരം


വാർത്തകൾ അയക്കേണ്ട വിലാസം: Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com, renewalvartha@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**



**റിന്യൂവൽ ടീം:**
**തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല), ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).**
**എഡിറ്റർ ഇൻ ചാർജ്ജ് – കെ. തോമസ് മാത്യു,**
**കൺസൽട്ടന്റ് എഡിറ്റർ – വർഗ്ഗീസ് ചാക്കോ,**
**ന്യൂസ് എഡിറ്റർ – തോമസ് ജോൺ,**
**ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തുരാൻ**
**പ്രൊമോഷൻ കോ–ഒർഡിനേറ്റർ – റെജി മാത്യു**
**പബ്ലിഷർ – ടെൻസൻ ജോസഫ്.**

# പ്രാർത്ഥനയുടെ ശാസ്ത്രീയത

*മാത്യൂ പോൾ, കോയമ്പത്തൂർ*

ഒരു ദിവസം പതിവുപോലെ എന്റെ പഠന മുറിയിൽ ഞാൻ വായിച്ചുകൊണ്ടിരുന്നപ്പോൾ ഞങ്ങളുടെ രണ്ടാമത്തെ മകൻ ഓഫീസിൽ നിന്ന് തിരികെ വന്ന് എനിക്ക് ഒരു കൈപ്രതി നീട്ടി, ഞാൻ അതു വായിച്ചു നോക്കി. എനിക്കു വളരെ അത്ഭുതം തോന്നി. ചില മിനിറ്റുകൾക്കു മുമ്പായിരുന്നു ഞാൻ സ. പ്ര.10:2ൽ ഇങ്ങനെ വായിച്ചത് "ജ്ഞാനിയുടെ ബുദ്ധി അവന്റെ വലതു ഭാഗത്തും മൂഢന്റെ ബുദ്ധി അവന്റെ ഇടതു ഭാഗത്തും ഇരിക്കുന്നു." എന്തായിരിക്കും ഈ വാകൃത്തിന്റെ അർത്ഥം എന്നു ചിന്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഈ കൈപ്രതിയുടെ വരവ്. എന്റെ ചോദ്യത്തിന് ദൈവം തന്നെ എനിക്കുത്തരം തരികയായിരുന്നു എന്ന് എനിക്കു മനസ്സിലായി. ഞാൻ വിവരിക്കാം.

ആധുനിക മനഃശാസ്ത്രജ്ഞന്മാർ മനുഷ്യ മനസ്സിനെപ്പറ്റി അപ്രഗ്രഥിച്ച് വളരെ പഠനങ്ങൾ നടത്തിയിട്ടുണ്ട്. മനുഷ്യന്റെ തലച്ചോറ് (Brain) ഇടതും ഇടത്തും വലത്തുമായി വിഭാഗിക്കപ്പെട്ടിരിക്കുന്നു എന്നും അവയ്ക്ക് വിഭിന്ന ദൗത്യങ്ങളാണ് നിറവേറ്റാനുള്ളത് എന്നും ഉള്ള അറിവ് ഇന്ന് സാമാന്യ ജ്ഞാനമാണ്. തലച്ചോറിന്റെ ഇടതുവശമാണ് സാധാരണ നാം ഏതു ജോലിയിൽ ഏർപ്പെട്ടാലും നമ്മെ നിയന്ത്രിക്കുന്നത്. കണ്ണുകൾ തുറന്നിരുന്നു ചെയ്യുന്ന എല്ലാ ജോലികൾക്കും ഇടതുവശത്തെ തലച്ചോറിന്റെ പ്രവർത്തനമാണ് ആവശ്യം. ഈ തലച്ചോറിന്റെ ഭാഗം അപഗ്രഥന ശക്തിയുള്ളതും കണക്കുകൾ കൂട്ടുന്നതും (Action oriented and analytical) ശരീരത്തിന്റെ ബാഹ്യ അവയവങ്ങളെ നിയന്ത്രിക്കുന്നതുമാണ്. സാധാരണ ജനങ്ങളിൽ 98% ആളുകളും തങ്ങളുടെ സാധാരണ ജിവിതത്തിൽ തലച്ചോറിന്റെ ഇടതുവശത്താൽ നടത്തപ്പെടുന്നവരാണെന്ന് കണക്കാക്കപ്പെടുന്നു. ഈ തലച്ചോറിന്റെ ഭാഗം ബോധമനസ്സി (Conscious Mind)നെ നിയന്ത്രിക്കുന്നു.

എന്നാൽ തലച്ചോറിന്റെ വലത്തു ഭാഗത്താകട്ടെ തലച്ചോറിന്റെ ഏറ്റവും പ്രധാന ഭാഗം കാണപ്പെടുന്നു. ബോധ മനസ്സിനേയും ഉപബോധ മനസ്സിനേയും (Sub-conscious mind) നിയന്ത്രിക്കുന്ന ഭാഗമാണിത്. നാം ഉറങ്ങുമ്പോൾ നമ്മുടെ ഹൃദയത്തേയും, രക്ത ചംക്രമണത്തേയും ശ്വാസോച്ഛ്വാസത്തേയും നിയന്ത്രിക്കുന്നത് ഈ കേന്ദ്രമാണ്. യഥാർത്ഥത്തിൽ മനുഷ്യമനസ്സിന്റെ ശക്തി കേന്ദ്രമാണിത്. ഇത് ക്രീയാത്മകവും (Creative) അന്തർ ജ്ഞാനവും (Inative) ഉള്ളതാണ്.

നമ്മുടെ മനസ്സ് പ്രവർത്തിക്കുമ്പോൾ ചില വൈദ്യുതി പ്രസരണം നടക്കുന്നു എന്ന് ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കിയിട്ടുണ്ട്. ഈ വൈദ്യുത പ്രസരണത്തെ നാലു തട്ടുകളായി അവർ തരം തിരിച്ചിട്ടുണ്ട്. നമ്മുടെ കണ്ണുകൾ തുറന്നിരുന്നു നാം പ്രവർത്തിക്കുമ്പോൾ പ്രസരണം 15–21 Cycles per seconds ആണ്. കണ്ണുകളടച്ച് ശ്രദ്ധ ഒരിടത്തു കേന്ദ്രീകരിക്കുമ്പോൾ പ്രസരണം 7–14 ആയി കുറയുന്നു. നാം ഉറങ്ങുമ്പോൾ പ്രസരണം 4–7 വരെയാണ്. ഗാഢ നിദ്രയിൽ പ്രസരണം 0–4 വരെയും. ഏതാണ്ട് അബോധവസ്ഥയാണിത്. ഇത്തരം കാര്യങ്ങളായിരുന്നു ആ കൈപ്രതിയിലെ പ്രതിപാദ്യവിഷയം. അതിനു ശേഷം ഈ വിഷയത്തെപ്പറ്റി ലഭിക്കാവുന്നത്ര അറിവു ഞാൻ സമ്പാദിച്ചു. ആധുനിക ശാസ്ത്രജന്മാർ വളരെ ഗവേഷണങ്ങൾ നടത്തി കണ്ടുപിടിച്ചിരിക്കുന്ന ഇത്തരം സത്യങ്ങൾ 3000 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ജ്ഞാനിയായ ശലോമോൻ എഴുതി വച്ചിരിക്കുന്നതു മനസ്സിലായപ്പോൾ താങ്ങാനാവാത്ത ആവേശം എനിക്കുണ്ടായി.

ഈ വിവരങ്ങൾ അനുസരിച്ച് കണ്ണുകൾ തുറന്നിരുന്നു ചെയ്യുന്ന ജോലികൾക്ക് ഇടതുവശത്തെ തലച്ചോറും കണ്ണുകളടച്ച് ഒരിടത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ വലതുവശത്തെ തലച്ചോറുമാണ് പ്രവർത്തന നിരതമാകുന്നതും നിയന്ത്രിക്കുന്നതും. നാം കണ്ണുകളടച്ച് മനസ്സ് ഏകാഗ്രമാക്കുമ്പോൾ മനസ്സിന്റെ പിരിമുറക്കം കുറഞ്ഞ അവസ്ഥയിൽ എത്തി ക്രിയാത്മകവും അന്തർ ജ്ഞാനവുമുള്ള മനസ്സിൽ നിന്നുണ്ടാകുന്ന വൈദ്യുതി പ്രസരണം നാം എവിടേക്കു ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നുവോ അവിടേക്കു പായുന്നു. നാം പ്രാർത്ഥിക്കുമ്പോൾ അതാണ് നാം ചെയ്യുന്നത്. അതായത് മനുഷ്യമനസ്സിന്റെ കേന്ദ്രത്തിൽ എത്തി അവിടെ നിന്ന് അഖിലാണ്ഡത്തിന്റെ നിയന്ത്രണ കേന്ദ്രബിന്ദുവായ ദൈവവുമായി ബന്ധപ്പെടുകയാണ്. അപ്പോൾ ദൈവീക ശക്തി നമ്മിൽ കൂടി വ്യാപരിച്ച് നാം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന ആളിലേക്കോ സാഹചര്യത്തിലേക്കോ പായുകയാണ്. ഒരു മൊബൈൽ ഫോൺ പ്രവർത്തിക്കുന്നതുപോലെ തന്നെ. എന്നാൽ മൊബൈൽ ഫോണിൽ നിന്നും വ്യത്യസ്തമായ ചിലതു ഇവിടെ സംഭവിക്കുന്നു. സാധാരണ ഒരു മൊബൈൽ ഫോണുപയോഗിക്കുമ്പോൾ അതിന്റെ ബാറ്ററിയിൽ നിന്ന് ശക്തി പ്രവഹിക്കുന്നു. കുറെ കഴിയുമ്പോൾ ബാറ്ററി പ്രവർത്തനരഹിതമാവുന്നു. വീണ്ടും ചാർജ്ജ് ചെയ്തില്ലെങ്കിൽ ഉപയോഗശൂന്യമാകുന്നു. എന്നാൽ അത്ഭുതമെന്നു പറയട്ടെ നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ബാറ്ററി ചാർജ്ജിംഗ് കൂടി നടക്കുകയാണ്. അങ്ങനെയാണ് ദൈവത്തിന്റെ ക്രമീകരണം! എന്നു പറഞ്ഞാൽ വളരെ നേരം പ്രാർത്ഥനയിൽ സമയം ചെലവഴിക്കുന്ന വ്യക്തി ഒരു ശക്തി കേന്ദ്രമായി മാറുന്നു. അല്പ സമയം പ്രാർത്ഥിക്കുന്ന

*ശേഷം 4–ാം പേജിൽ*

# മിസോറാം വിസ്മയം...

*1–ാം പേജിൽ നിന്ന് തുടർച്ച*

മാറ്റങ്ങൾ വന്നു. പൂർവ്വീകന്മാർ കെട്ടിപ്പടുത്ത ധാർമ്മീക മൂല്യങ്ങൾ വലിച്ചെറിയപ്പെട്ടു. ഭൂരിഭാഗവും മദ്യത്തിനും, മയക്കുമരുന്നിനും അടിമകളായി. ക്രിസ്തീയ സംസ്ഥാനമെന്ന് പേരുള്ള മിസോറാമിൽ സാത്താന്യ സേവകരുടെ എണ്ണം നാൾക്കുനാൾ പെരുകി വന്നു.

മുകളിൽ പറഞ്ഞതു കൂടാതെ സുവിശേഷത്തിന് മിസോറാമിൽ പല വെല്ലുവിളികളാണ് ഇന്ന് ഉള്ളത്. അതിൽ പ്രധാന വെല്ലുവിളി നാമധേയ ക്രിസ്തീയ സമൂഹം തന്നെയാണ്. മറ്റൊന്ന് മിസോറാമിന് പുറത്തു നിന്നുള്ള ഒരാൾക്കും 'ഇന്റർ ലൈൻ പെർമിറ്റി'ലാതെ അവിടേയ്ക്ക് പ്രവേശിക്കുവാൻ സാധിക്കുകയില്ല. ഒരു പെർമിറ്റ് സമ്പാദിച്ച് അവിടെ ചെല്ലാമെന്ന് വെച്ചാൽ സുവിശേഷം ചെവിക്കൊള്ളാത്ത ഒരു ജനം. ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്കുള്ള യാത്രാ സൗകര്യങ്ങളുടെ പരിമിതി എന്നത് മറ്റൊരു വെല്ലുവിളി.

നമ്മുടെ ഒരു സുവിശേഷകനോ, സഭയോ ഇല്ലാത്ത ഭാരതത്തിലെ ഏക സംസ്ഥാനമാണ് മിസോറാം. നേരത്തെ ഒരു സഹോദരൻ ഇവിടെ താമസിച്ച് പ്രവർത്തിച്ചിരുന്നു. എന്നാൽ താൻ ഇപ്പോൾ ത്രിപുരയുടെയും മിസോറാമിന്റെയും അതിർത്തിയിൽ താമസിച്ചാണ് മിസോറാമിലെ ചില പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും ചില സുവിശേഷ തൽപരരായവരെ അവിടെവിടെയായി കാണാം. അതിൽ ചിലർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വേദപഠനത്തിലേർപ്പെട്ടിരിക്കുന്നു. മിസോറാമിന്റെ സുവിശേഷീകരണത്തിന് ശക്തമായ പ്രാർത്ഥനാ പിൻബലമാണ് ആദ്യം ആവശ്യം. പിന്നീട് മിസോറാം സുവിശേഷ വയലിലെ വെല്ലുവിളി സ്വീകരിക്കുവാൻ തയ്യാറായ ഒരു തലമുറ. ഹരിതാഭമായ മിസോറാമിൽ സുവിശേഷത്തിന്റെ പച്ചപ്പ് വേരോടുവാൻ മിസോറാമിന്റെ ഭംഗിയെ വരച്ച സർവ്വശക്തനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം! പ്രയത്നിക്കാം!

**YOUTH GUIDE**

# TRAINING...TRAINING... UNDER THE MIGHTY HAND

"God, why this has happened to me?", we are prone to ask this question in the midst of adverse circumstances. Whenever suffering comes our way, our equilibrium is disturbed and we pour out words of impatience in the presence of God. God allows failure, suffering and disturbances in our lives to renew our strength, make us wiser, humbler, holier, and interdependent. When we accept whatever God allows in our life, we will see that "All things work together for our good" (Rom 8:28). We will be able to say as Job said "Shall we indeed accept good from God, and shall we not accept adversity?" (Job 2:10).

The biographies and autobiographies of God's men sketched in the scripture prove substantially that no one has escaped the "Discipline of failure". As children of God, we are given spiritual gifts at the time of salvation. These gifts can be developed only when they are used. For profitable use we need training. We need to learn lessons from the school of God.

Moses got God's certificate as "The meekest man on earth". This was after a long period of training - 40 years in the royal court of Egypt, another 40 years as a lonely shepherd in exile in the wilderness, and a final 40 years as the leader of a stiff-necked nation. In Judges 3:1-4, Deut 8:2, we also see that the failure of Israel led the nation to a discipline of 40 years in the wilderness.

Through a series of unpleasant circumstances, an amazing training was given by God to Joseph so that he could become the administrator of food distribution for the famine-stricken lands of the Middle East. God delivered him out of all his troubles and gave him favor and wisdom in the presence of Pharaoh to become Governor of Egypt.

Elijah got training at Cherith, Sarephat and Carmel. At Carmel he stood firmly for God in his faith, but then he had to flee from the wrath of Queen Jezebel. In the midst of his adversity we see a weary, depressed, weak and feeble man sitting down under a broom tree and praying "It is enough! Now! Lord; take my life". God did not answer this prayer, because He still had some tasks for Elijah to fulfill. God provided him nourishment and with that strength he walked 40 days until he met God at Horeb. The man who prayed to be taken away was indeed taken away without seeing death.

Daniel got the testimony from God - "greatly beloved" (Daniel 9:23. 10:9). This came only after his stand for the Lord was tested. For this he had to go through a series of events. He finished his training successfully. What about David? Failures, wars, hatred from Saul... all made him to acquire the testimony as a man after God's own heart (Acts 13:22).

Paul too was in no way different. The scholar and philosopher studied at the feet of Gamaliel. He made havoc of the church, going from house to house, dragging men and women, handing them over to prison. Eventually he studied at the feet of Christ, as he passed through sufferings and trials. He was stoned, chained, beaten, shipwrecked, spent time often in sleeplessness, weariness, toil, hunger and thirst. In the midst of it all, he stood firmly for Christ and wrote many epistles. He learnt the great lesson that nothing could separate him from the love of Christ. At the close of his life he could boldly say, "I have fought the good fight, I have finished the race, I have kept the faith" (2 Tim 4:7, 8).

The Psalmist says in 119:71, "It is good for me that I have been afflicted, that I may learn your statutes". Heb 12:11 says, "No chastening seems to be joyful for the present, but grievous, nevertheless, afterwards it yields, the peaceable fruit of righteousness to those who have been trained by it!"

Dear friends, we may be feeble, failing and worthless people in the sight of men, but God has counted us as "the excellent of the earth". When we lack the strength to continue standing up for the Lord's interest, He either changes the situations or gives us strength to cope with it. The Lord can bring good to His people out of any evil. How comforting is the assurance that in the midst of this changing world, with its changing politics and its changing moral and religious principles, the believer in Christ has an unchangeable God! A God who works all things for our good!!

— Anie Babu Neyveli

# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് – 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യുവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

**WANTED BRIDE GROOM**

**RM No : 854 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'1" ഉയരം. നേഴ്സറി ടീച്ചർ, ജോലിയുണ്ട്.

**RM No : 855 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'3" ഉയരം. B.Com. പ്രൈവറ്റ് സ്ഥാപനത്തിൽ ജോലി.

**RM No : 856 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 4'9"ഉയരം. B.Com.അക്കൗണ്ടന്റായി ഗുജാറത്തിൽ ജോലി.

**RM No : 857 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5'5" ഉയരം. B.Com. ഗൾഫിൽ ജോലി.

**RM No : 858 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'2' ഉയരം. S.S.L.C.

**RM No : 859 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5' ഉയരം. Nurse. ഡൽഹിയിൽ ജോലി.

**RM No : 860 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി. 24 വയസ്സ് 5'2" ഉയരം. BHMS. (Practising Doctor)

**RM No : 861 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5'4" ഉയരം. B.Sc. B.Ed., BCA, M.Sc. (Physics), M.Phil.

**RM No : 862 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5'5" ഉയരം. MCA ഗൾഫിൽ ജോലി.

**RM No : 863 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 22 വയസ്സ് 5'2" ഉയരം. B.Tech. മദ്രാസ് Infosysൽ ജോലി.

**RM No : 864 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 32 വയസ്സ് 5'3" ഉയരം. Staff Nurse ബാംഗ്ലൂരിൽ ജോലി.

**RM No : 865 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5'5" ഉയരം. B.Sc.Nurse. ബാംഗ്ലൂരിൽ ജോലി. (Bond Period)

**WANTED BRIDE**

**RM No : 866 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'8"ഉയരം. ഗൾഫിൽജോലി. ഡിസംബറിൽ നാട്ടിൽ വരും.

**RM No : 867 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 30 വയസ്സ് 5'6" ഉയരം. M.Sc. (സോഫ്റ്റ് വെയർ എൻജിനീയർ) ഗൾഫിൽ ജോലി. ഫെബ്രുവരിയിൽ നാട്ടിൽ വരും.

**RM No : 868 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5'7" ഉയരം. Dip. Hotel Management. അമേരിക്കയിൽ കപ്പലിൽ ജോലി. ജനുവരിയിൽ നാട്ടിൽ വരും.

**RM No : 869 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5'9" ഉയരം. M.Tech. (Mechanical) എൻജിനീയറിങ്ങ് കോളേജിൽ ലക്ച്ചററായി ജോലി.

**RM No : 870 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'5" ഉയരം. ITI., നാഗ്പൂരിൽ ഒരു കമ്പനിയിൽ ജോലി.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ **0484 2432896** എന്ന നമ്പറിൽ ബന്ധപ്പെടുക.

## തൃശൂർ അത്താണിയിൽ പുതിയ കൂടിവരവ്

തൃശൂർ ഷൊർണ്ണൂർ റൂട്ടിൽ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിനു സമീപം അത്താണിയിൽ 2008 സെപ്റ്റംബർ 7-ാം തീയതി മുതൽ 'ക്രിസ്ത്യൻ ബ്രദ്റൻ ചർച്ച്' എന്ന പേരിൽ പുതിയ സഭാ കൂടിവരവ് ആരംഭിച്ചു. മെഡിക്കൽ കോളേജിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന വിശ്വാസികൾക്ക് ഈ കൂടി വരവ് പ്രയോജനപ്പെടുത്താവുന്നതാണ്. അത്താണി കെൽട്രോൺ സ്റ്റോപ്പിലുള്ള കെ.കെ. കോംപ്ലക്സ് കെട്ടിടത്തിലാണ് ഇപ്പോൾ കൂടി വരവ് നടന്നക്കുന്നത്. സഭയ്ക്കുള്ള എഴുത്തുകൾ താഴെ കാണുന്ന വിലാസത്തിൽ അയക്കുക K.K. Kurian, Karanjikudiyil, K.K. Complex, Athani P.O., Thrissur - 670771. Tel : 9995084499. സുവി. പി.ജെ. പൗലോസ്

## കൊങ്കൺ ഗോസ്പൽ ഔട്ട് റീച്ച്

കർണ്ണാടക, ഗോവ അതിർത്തിയിലുള്ള ദോഡാമാർഗ്ഗ് താലൂക്കിലെ അനേക ഗ്രാമങ്ങളിൽ കൊങ്കൺ ഗോസ്പൽ ഔട്ട് റീച്ച് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ സെപ്റ്റംബർ 22 മുതൽ 27വരെ നടന്നു. തില്ലാരി എന്ന ഗ്രാമത്തിൽ 30ലധികം പേർ വചനം കേൾക്കുവാൻ വന്നു. ചിലർ തീരുമാനം എടുത്തു. വിവിധ സ്ഥലങ്ങളിൽ നിന്ന് പത്ത് സഹോദരന്മാർ സഹകരിച്ചു. ഈ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക. - ഷിബു സെബാസ്റ്റിൻ, വിൽസൻ കെ. ജോർജ്ജ്.

## സ്നാനം നടന്നു

രത്നഗിരി-ഇവിടുത്തെ പ്രവർത്തന ഫലമായി 2പേർ രക്ഷിക്കപ്പെട്ട് മുന്നോട്ട് വരികയും സെപ്റ്റംബർ 18ന് സ്നാനം നടക്കുകയും ചെയ്തു. സുവി. വിൽസൻ കെ. ജോർജ്ജ് കഴിഞ്ഞ 6 വർഷമായി ഇവിടെ പ്രവർകത്തനം ആരംഭിച്ചിട്ട്. എതിർപ്പുകളും, ഭീഷണികളും അതിജീവിച്ച് കഴിഞ്ഞ അഞ്ചു വർഷമായി സഭാ യോഗങ്ങൾ മുടങ്ങാതെ നടക്കുന്നു. ഇവിടുത്തെ പ്രവർത്തനങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കുക - ജോസഫ് റ്റിൻഡിൽ

## വിലാസമാറ്റം

കഴിഞ്ഞ 30 വർഷമായി അലഹബാദിൽ കർത്താവിന്റെ വേല ചെയ്തുകൊണ്ടിരുന്ന സഹോദരൻ പി.കെ. സാമു ഡൽഹിയിലെ ദ്വാരകയിലേക്ക് പ്രവർത്തനവും താമസവും മാറ്റി. പുതിയ വിലാസം - P.A. Samu, Flat No. 306 B, IRCON Employees C.G.H.S., Plot No. 14, Sector 18 A, Dwaraka, New Delhi-110075. Ph: 09312476483.

## സഹായം അഭ്യർത്ഥിക്കുന്നു

തിരുവനന്തപുരം കരമന സഭാംഗം സി. ശശി സ്വന്തമായി ഒരു വീട് നിർമ്മിക്കുവാൻ സഹായം അഭ്യർത്ഥിക്കുന്നു. ഭാര്യയും രണ്ട് മക്കളും അടങ്ങുന്ന കുടുംബം എട്ടു വർഷങ്ങൾക്കു മുമ്പാണ് കരമന സഭാ കൂട്ടായ്മയിൽ വന്നത്. സ്ഥിരവരുമാനമില്ലാത്ത സഹോദരൻ വാടക വീട്ടിലാണ് താമസിക്കുന്നത്. ഈ ആവശ്യത്തിലേക്ക് ധന സഹായം ചെയ്യാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന അകൗണ്ട് നമ്പറിൽ അയക്കുക. SBT, Karamana Branch, A/C No. 67025502438. സഭയ്ക്കുവേണ്ടി - സി.വി. തോമസ്, വിജയൻ കെ.

## സുവിശേഷ യോഗം

തൃശൂർ മണ്ണുത്തി ബ്രദ്റൻ ചർച്ചും, സിയോൻ ചാരിറ്റബിൾ ട്രസ്റ്റും സംയുക്തമായി 2009 ജനുവരി 23 മുതൽ 25 വരെ മണ്ണുത്തിയിൽ "സ്നേഹസന്ദേശം" എന്ന പേരിൽ സുവിശേഷ യോഗങ്ങൾ നടത്തുന്നു. യോഗത്തിനു വേണ്ടി - വിൽസൻ ജോർജ്ജ്, വി.ടി. ജോൺ.

# നമുക്കു ചുറ്റും

## കലഞ്ഞൂർ കൺവെൻഷൻ

കലഞ്ഞൂർ ബ്രദ്റൻ സഭയുടെ ഈ വർഷത്തെ കൺവെൻഷൻ 2008 ഡിസംബർ 10 ബുധൻ മുതൽ 14 ഞായർ വരെ സഭാഹാളിൽ വെച്ച് നടക്കുന്നു. യോഗാനുഗ്രഹത്തിനായി പ്രാർത്ഥിക്കുക - രാജു വി. ജോൺസൻ.

## എസ്.ബി.എസ്. മലബാർ ഡിവിഷൻ ക്യാമ്പ്

വയനാട് സുവിശേഷകൻ ബാലസംഘം മലബാർ ഡിവിഷൻ ക്യാമ്പ് 2008 ഡിസംബർ 22 മുതൽ 25 വരെ സുൽത്താൻ ബത്തേരി സെന്റ്. ജോസഫ് ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളിൽ വെച്ച് നടക്കുന്നു. വിജയകരമായ ക്രിസ്തീയ ജീവിതം എന്നതാണ് ക്യാമ്പ് തീം. നിശ്ചിത ഫീസ് ഇല്ലയെങ്കിലും അവരവരുടെ പ്രാപ്തി പോലെ സാമ്പത്തീക സഹായം നൽകാവുന്നതാണ്. കടന്നു വരുവാൻ ആഗ്രഹിക്കുന്നവർക്ക് സാമ്പത്തീകം ഒരു തടസമാകാതിരിക്കുവാനായിട്ടാണ് ഫീസ് നിർബന്ധമാക്കാത്തത്. ക്യാമ്പിനു വേണ്ടി - കെ. ഗോപിനാഥൻ (സെക്രട്ടറി) ട്രഷററുടെ വിലാസം-Giju George, Thottathil House, Adivaram P.O., Thamarassery, Kozhikode - 673586. Ph : 9447322627.

## സോദരീ സമാജം

സോദരീ സമാജം കൊട്ടാരക്കര സെന്ററിന്റെ അടുത്ത സമ്മേളനം 2008 ഡിസംബർ 13 ശനിയാഴ്ച 10 മണിക്ക് പട്ടാഴി സഭാഹാളിൽ വെച്ച് നടക്കുന്നു. ചിന്നമ്മ വർഗ്ഗീസ് (സെക്രട്ടറി) ഫോൺ - 04752454181.

## പ്രളായിക്കാട് സുവിശേഷ യോഗം

പ്രളായിക്കാട് സഭയുടെ സുവിശേഷ യോഗം തുരുത്തി പട്ടം എൽ.പി. സ്കൂളിൽ വെച്ച് ഡിസംബർ 26 മുതൽ 28 വരെ നടക്കുന്നു. സഭയ്ക്കു വേണ്ടി - എ.എം. പൗലോസ്, പി.എം. ഔസേഫ്, പി.എം. തോമസ്.

## വൈ.എം.ഇ.എഫ്. മലപ്പുറം

പോത്തുക്കല്ലിൽ വൈ.എം.ഇ.എഫ്. മലപ്പുറം യൂണിറ്റ് നടത്തുന്ന പ്രവർത്തനം കഴിഞ്ഞ 11 മാസങ്ങളായി തുടരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്നുള്ള സഹോദരന്മാർ ആഴ്ചയിൽ മൂന്നു ദിവസങ്ങളിൽ ഇവിടുത്തെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. പി.എ. സേവ്യർ (സെക്രട്ടറി).

*3-ാം പേജിൽ നിന്ന് തുടർച്ച*

## പ്രാർത്ഥനയുടെ ശാസ്ത്രീയത...

വർ അല്പ ശക്തിയുള്ളവരായും പ്രാർത്ഥനാരഹിതർ ശക്തിരഹിതരായും ജീവിതം കഴിക്കുന്നു.

നമുക്കു ശലോമോന്റെ ജ്ഞാനത്തിൽ നിന്ന് പഠിക്കാം. എത്രയും കൂടുതൽ സമയം പ്രാർത്ഥനയിൽ ചെലവഴിച്ച് നമ്മെത്തന്നെയും നമ്മോടു ബന്ധപ്പെടുന്നവരേയും ശക്തിമാന്മാരാക്കി മാറ്റാം. യഥാർത്ഥ ജ്ഞാനികളായി ജീവിക്കാം. മൂഢന്മാരുടെ ജീവിതചര്യ ത്യജിക്കാം. സർവ്വ കൃപാലുവായ ദൈവം നമുക്ക് കൃപ തരട്ടെ. അവന്റെ നാമത്തിനു സ്തോത്രം.

## FLAP

**FAMILY LIFE AWARENESS PROGRAMME**

**കുടുംബ ജീവിത അവബോധന പരിപാടി**

***സമയം:*** രാവിലെ 9.30 മുതൽ വൈകിട്ട് 4 വരെ.
***തീയതി:*** 2008 ഡിസംബർ 8
***സ്ഥലം:*** പടിഞ്ഞാറെ ബ്രദ്റൻ അസംബ്ലി, അങ്കമാലി,
***ക്ലാസ്സുകൾ :*** വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ) സ്റ്റാൻലി ജോൺസ് (എറണാകുളം)

18 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ യുവതി യുവാക്കൾക്ക് പ്രവേശനം

**ഡിസംബർ 5ന് മുമ്പ് രജിസ്റ്റർ ചെയ്യണം.**

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും - റെജി മാത്യു (98460 25939), ടെൻസൻ ജോസഫ് (94474 14222)

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

റിന്യൂവൽ ഒരു ശുശ്രൂഷയാണ്. ഇതിന്റെ സാമ്പത്തീക ആവശ്യങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുക. നിങ്ങളുടെ കൈയ്യിൽ ഒരു വർഷം റിന്യൂവൽ എത്തിക്കുവാൻ 50 രൂപ ചിലവു വരും. നിങ്ങളുടെ വരിസംഖ്യ കാലാവധി തീരുന്നത് റിന്യൂവലിന്റെ റാപ്പറിൽ നോക്കിയാൽ അറിയാം. ഉദാ. റാപ്പറിൽ അഡ്രസ്സിന്റെ വലതു ഭാഗത്ത് S08DEC എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2008 ഡിസംബറിൽ നിങ്ങളുടെ വരിസംഖ്യ പുതുക്കണമെന്നാണ്. നിങ്ങളുടെ പ്രാപ്തി പോലെ ഈ ശുശ്രൂഷയിൽ സഹകരിക്കുക.

# പ്രയർ കലണ്ടർ ഡിസംബർ 2008

**പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.**

| | | | | | |
|---|---|---|---|---|---|
| **ഞായർ** സ്ഥലം സഭയ്ക്കു വേണ്ടി | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം** 5 മിനിററ് സ്തുതി: 5 മിനിററ് നന്ദി (സ്ത്രോതം): 5 മിനിററ് ഏററുപറച്ചിൽ: 20 മിനിററ് വചനധ്യാനം: 20 മിനിററ് മദ്ധ്യസ്ഥ പ്രാർത്ഥന: 5 മിനിററ് അപേക്ഷ: | **7** ഞായറാഴ്ച യോഗങ്ങൾ സജീവമാകാൻ എല്ലാവരും ഒരുക്കത്തോടെ വരാൻ. കൂടുതൽ പേർ സ്തോത്രം ചെയ്യുവാൻ (50 പേർ കൂട്ടായ്മയിലുണ്ടെങ്കിൽ 20 സഹോദരന്മാരെങ്കിലും!) വചന ശുശ്രൂഷ ചെയ്യുന്നവർക്കായി. ആത്മനിറിവിലുള്ള ശുശ്രൂഷ ചെയ്യാൻ. പക്വതയുള്ള യുവജനങ്ങൾ ശുശ്രൂഷയ്ക്കായി മുമ്പോട്ടുവരാൻ. പാട്ടുകൾ ഉത്സാഹത്തോടെ പാടാൻ. | **14** സഭയിലെ മൂപ്പന്മാർക്കുവേണ്ടിയും അവരുടെ കുടുംബാഗങ്ങൾക്കായും അവരെ സന്ദർശിച്ച് പ്രോത്സാഹനത്തിന്റെ വാക്കുകൾ പറയുന്നത് നന്നായിരിക്കും ആദര പൂർവ്വം അവരോടിടപെടുക. കർത്താവ് മൂപ്പന്മാരെയും ശുശ്രൂഷകന്മാരെയും ശുശ്രൂഷക്കാരത്തികളെയും എഴുന്നേൽപ്പിക്കാൻ (നിങ്ങളുടെ കൃപാവരങ്ങൾ ജ്വലിപ്പിക്കാറുണ്ടോ?) സഭാ ഭരണം നടത്തുന്നവർക്ക് ആത്മ നിറവും, കൃപയും ലഭിക്കാൻ. | **21** നിങ്ങളുടെ സ്ഥലം സഭ ആത്മാക്കൾക്കായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സഭയാകാൻ. ലിസ്റ്റുണ്ടാക്കി പ്രാർത്ഥിക്കുക. ഭവന സന്ദർശനം, സുവിശേഷീകരണത്തിനായുള്ള പ്രത്യേക മീറ്റിംഗുകൾ ഇവ ക്രമീകരിക്കാൻ. അന്വേഷകരായും മറ്റും സഭായോഗങ്ങൾക്കു വരുന്നവരെ വേണ്ട നിലയിൽ സ്വാഗതം ചെയ്യാനും അവരോടിടപെടുവാനും. അടുത്ത വർഷത്തേക്കുള്ള ഔട്ട് റീച്ച് പ്രോഗ്രാമുകൾ പ്രാർത്ഥനാപൂർവ്വം ഇപ്പോഴേ തീരുമാനിക്കുക. | **28** എല്ലാ വിശ്വാസികളുടെയും പേരു പറഞ്ഞ്. പ്രത്യേക ആവശ്യമുള്ളവരെ നേരിൽ കണ്ട് സംസാരിക്കുക. (പ്രാർത്ഥനയുടെ മറുപടി നിങ്ങളോ?) ഇട ദിവസങ്ങളിലെ ബൈബിൾ സ്റ്റഡി, സഹോദരിമാരുടെ യോഗം, പ്രാർത്ഥനാ യോഗം, ഉപവാസ പ്രാർത്ഥന ഇവ ഭംഗിയായി നടക്കാൻ. ഇല്ലെങ്കിൽ ആരംഭിക്കാൻ. സഭയിൽ നിന്നും സുവിഷേകന്മാർ എഴുന്നേൽക്കാൻ. |
| **തിങ്കൾ** അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | **1** സംസ്ഥാന തെരെഞ്ഞെടുപ്പുകൾക്കായി, ചിത്തിസ്ഗഢ്, തെരെഞ്ഞെടുപ്പു കഴിഞ്ഞു. ഇനി മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഡൽഹി, മിസ്സോറാം സുവിശേഷ സ്വാതന്ത്ര്യം നൽകുന്നവർ അധികാരത്തിൽ വരാൻ ശ്രദ്ധയോടെ പ്രാർത്ഥിക്കുക. സഭയായി പ്രത്യേക പ്രാർത്ഥനായോഗങ്ങൾ നടത്തുക. അതിരാവിലെയോ വൈകിട്ടോ എല്ലാ ദിവസവും ചിലരെങ്കിലും ഒരുമിച്ച് പ്രാർത്ഥിക്കുക. | **8** ഒറീസ്സയിൽ ക്രിസ്ത്യാനികൾ സുരക്ഷിതരാകാൻ. ചിതറിപ്പോയവർ സുവിശേഷം അറിയിക്കാൻ മുഖ്യമന്ത്രി നവീൻ പട്നായിക്ക്. ഒറീസ്സയെ ദൈവത്തിനായി അവകാശപ്പെട്ട് പ്രാർത്ഥിക്കുക. സുവിശേഷകന്മാരുടെ സംരക്ഷണത്തിനായി പേരു പറഞ്ഞ് പ്രാർത്ഥിക്കുക. (പ്രയർ ഹാൻഡ് ബുക്ക് നോക്കുക) ഭാരത ഭരണഘടന നൽകുന്ന അവകാശം പാലിക്കപ്പെടാൻ കേന്ദ്ര ഗവൺമെന്റിനു വേണ്ടിയും, ആഭ്യന്തര മന്ത്രി ശിവരാജ് പാട്ടീൽ. | **15** കർണ്ണാടകയിൽ ക്രിസ്തീയ ആരാധനാലയങ്ങൾക്ക് പോലീസ് കാവൽ. ഭവനങ്ങളിൽ കൂടന്നതിന് അനുമതിയില്ല. ബജ്റംഗദൾ പ്രവർത്തകർ രക്ഷിക്കപ്പെടുവാൻ. മുഖ്യമന്ത്രി ബി.എസ് യെദിയൂരപ്പ ദൈവഭയത്തിൽ ഭരണം നടത്തുവാൻ. കർണ്ണാടകയിൽ വലിയ സുവിശേഷ മുന്നേറ്റം ഉണ്ടാകാൻ. പ്രവർത്തനത്തെ സഹായിക്കാൻ അനേകർ മുമ്പോട്ടു വരാൻ. | **22** പാർലമെന്റ് തെരെഞ്ഞെടുപ്പിൽ സുവിശേഷ വിരോധികൾ അധികാരത്തിൽ വരാതിരിക്കാൻ. പ്രധാനമന്ത്രി മൻമോഹൻ സിംഗ്, പ്രസിഡന്റ് പ്രതിഭാ പാട്ടീൽ, ലോക്സഭാ സ്പീക്കർ സോമനാഥ് ചാറ്റർജി, പ്രതിപക്ഷ നേതാവ് എൽ. കെ അഡ്വാനി, കോൺഗ്രസ്സ് പ്രസിഡന്റ് സോണിയ ഗാന്ധി, ബി.ജെ.പി. പ്രസിഡണ്ട് രാജ്നാഥ് സിംഗ്, ശരദ് പവാർ, ലാലു പ്രസാദ് യാദവ്, എ. കെ ആന്റണി, പ്രണാബ് മുക്കർജി, അർജ്ജുൻ സിംഗ്, തുടങ്ങിയ കേന്ദ്രമന്ത്രിമാർക്കായി. | **29** കേരളത്തിലെ മുഖ്യമന്ത്രി വി.എസ് അച്ചുതാനന്ദൻ ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ. ക്രമസമാധാനം ഭദ്രമാക്കാൻ, പോലീസ് നീതിയോടെ പ്രവർത്തിക്കാൻ ഡി.ജി.പി. രമൺ ശ്രീവാസ്തവ. മറ്റ് പോലീസ് ഉദ്യോഗസ്ഥന്മാർ, റോഡുകൾ നന്നാക്കാൻ പി.ഡബ്ല്യു.ഡി മന്ത്രി മോൻസ് ജോസഫ് മോട്ടോർ വാഹന വകുപ്പ് അഴിമതിയില്ലാതാക്കാൻ - മന്ത്രി മാത്യു ടി. തോമസ്. |
| **ചൊവ്വ** രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | **2** രക്ഷിക്കപ്പെടാത്ത ബന്ധു ജനങ്ങളെ ഓർത്ത് ഭാരത്തോടെ പ്രാർത്ഥിക്കുക, അവർ നിത്യ നരകത്തിൽ പോകാതിരിക്കാൻ, സുവിശേഷ പ്രതികൾ കൊടുക്കുക. യോഗങ്ങൾക്കു ക്ഷണിക്കുക, സുവിശേഷം പങ്കു വയ്ക്കുക. കുടുംബയോഗങ്ങൾ നടത്തുക. അകലെയുള്ളവർക്ക് കത്ത്, ഇ.മെയിൽ, എസ്.എം.എസ് വഴി. ക്രിസ്തുമസ് ന്യൂ ഇയർ ആശംസയുടെ കാലമാണല്ലോ. വേദപുസ്തക വാക്യങ്ങളും സുവിശേഷവും ആശംസയായി അയക്കുക. | **9** വീട്ടിൽ വിവിധ ജോലിക്കായി വരുന്നവരോട് സുവിശേഷം പങ്കുവയ്ക്കുക. (നല്ല നിലയിൽ ഏർപ്പെടുകയും വേണം) നമ്മുടെ നാട്ടിലുള്ള ചുമട്ടു തൊഴിലാളികൾക്കായി. പേര് മനസ്സിലാക്കി പ്രാർത്ഥിക്കുക. അവരോട് സുവിശേഷം അറിയിക്കാനുള്ള ചില പരിപാടികൾ തയ്യാറാക്കുക. അവരുടെ കുടുംബാഗങ്ങൾക്കായി. ഭവനങ്ങൾ സന്ദർശിച്ച് ഭാര്യമാരോടും മക്കളോടും സുവിശേഷം അറിയിക്കുക. (കുടുംബമായി പോകുക) | **16** റയിൽവേ, ഇലക്ട്രിസിറ്റി, ബസ് സ്റ്റാൻഡ് ക്യൂവിൽ നിൽക്കുമ്പോൾ അതതു ഉദ്യോഗസ്ഥർക്കായി പ്രാർത്ഥിക്കുക. നല്ലനിലയിൽ ഏർപ്പെടുന്നവരെ അഭിനന്ദിക്കാൻ മറക്കരുത്. ബസ് ഡ്രൈവർമാർ, കണ്ടക്ടർമാർ ഇവരുടെ പേരു ചോദിച്ച് അവർക്കായി പ്രാർത്ഥിക്കുക. ഓട്ടോ റിക്ഷാ ഡ്രൈവർമാർക്കായി, റിക്ഷാ വലിക്കുന്നവരെ ഓർത്ത്. | **23** ബാർബർ ഷോപ്പിൽ മുടി വെട്ടാൻ പോകുമ്പോൾ ബാർബർമാരോടും തയ്യൽക്കടയിൽ പോകുമ്പോൾ അവരോടും സുവിശേഷം അറിയിക്കുക. നല്ല ട്രാക്ടുകൾ നൽകുക. ഇല്ലെങ്കിൽ പ്രിന്റ് ചെയ്യുക. റേഷൻ കടക്കാരൻ, പച്ചക്കറി, പാൽ, പത്രം ഇവ നൽകുന്നവർക്കായി. തേങ്ങയിടാൻ വരുന്നവർ, മീൻ വിൽക്കാൻ വരുന്നവർ ഇവരെയെല്ലാം ഓർത്ത് പ്രാർത്ഥിക്കുക. ഇങ്ങനെയുള്ളവരെ ക്ഷണിച്ച് പ്രത്യേക മീറ്റിംഗ് നടത്തുക. | **30** ഭീകര പ്രവർത്തനം നടത്തുന്നവർ രക്ഷിക്കപ്പെടാൻ. പത്രങ്ങളിൽ നിന്നും പേരുകൾ ശേഖരിച്ച് പ്രാർത്ഥിക്കുക. മാലെഗാവ് സ്ഫോടനത്തിൽ പങ്കുള്ളവർ എത്ര ഉന്നതരായാലും ശിക്ഷിക്കപ്പെടുവാൻ പ്രാർത്ഥിക്കുക. വി. എച്ച്. പി. നേതക്കന്മാരായ അശോക് സിംഗർ, പ്രവീൺ തൊഗാഡിയ തുടങ്ങിയവർ രക്ഷിക്കപ്പെടാൻ. കാശ്മീർ തീവ്രവാദികൾ രക്ഷിക്കപ്പെടാൻ. |
| **ബുധൻ** സൗഖ്യമില്ലാത്തവർക്ക് വേണ്ടി | **3** സൗഖ്യമില്ലാത്തവർ സുവി. പ്രമോദ് പോളിന്റെ ഭാര്യ ഗ്രേസി, സുവി. തോമസ് നൈനാൻ, സുവി. ലിയോ പോൾ (വൃക്ക തകരാർ) എ.കെ വർഗ്ഗീസ് പുതുപ്പള്ളി, ജോസ്. എം.എ കേച്ചേരി, സുവി. ബേബി ജോൺ തൃശൂർ, മിസ്സിസ്സ് സൂസി ആന്റണി തൃശൂർ, സുവി. ജെ. പി. ഇമ്മാനുവേൽ കടലൂർ, സുവി. കെ.സി. മാത്യു, പാമ്പാടി, കെ.വൈ, ജോൺ പുന്തല, പി. പി. വർഗ്ഗീസ് വാളകം. | **10** റോഡ്നി പോൾ തൃശൂർ (ഇപ്പോൾ വെല്ലൂരിൽ) റോസമ്മ തോമസ് അങ്കമാലി, ഡോ. ഷോൺ ജോർജ്ജ് ആസ്ട്രേലിയ, സുവി. പീറ്റർ ഫിലിപ്പ് വടക്കും ചേരി, സണ്ണി. റ്റി. ബേബി കാനഡ, സാംകുട്ടി ഫിലിപ്പോസ് ടെക്സാസ്, എസ്സ്തേറമ്മ കുര്യൻ കോട്ടയം. ഗേയ്സ് ജോൺസൺ, എറണാകുളം, റാഫേൽ ഇടയക്കുന്നം. ആശുപത്രിയിൽ സന്ദർശിച്ച് രോഗികളെ കണ്ട് പ്രാർത്ഥിക്കുക. | **17** അസാധാരണ അസുഖം ഉള്ള കുട്ടികൾ : മെർലിൻ (മേപ്രാൽ) സ്റ്റെവിൻ (പത്തനാപുരം) മനു (കുടിയാൻമല), നിയ വർഗ്ഗീസ് (ഇടയക്കുന്നം). പക്കാഞ്ചോറിൽ പ്രവർത്തിക്കുന്ന സഹോ. സാംസൺ നൈനാന്റെ ഭാര്യ ഡോ. പ്രിനിക്ക് പൂർണ്ണ സൗഖ്യം ലഭിക്കാൻ. സഹോ. എ.ആർ. പീറ്റർ (പാലക്കാട് എൻജിനിയറിംഗ് കോളേജ് പ്രഫസർ) തോമസ് കുട്ടി (ഭോപ്പാൽ) | **24** കഴിഞ്ഞ ദിവസങ്ങളിൽ പ്രാർത്ഥിച്ചവരുടെ വിവരം അന്വേഷിക്കുക. സൗഖ്യം ലഭിച്ചവർക്കായി സ്തോത്രം ചെയ്യാം. നിങ്ങളുടെ പരിചയത്തിലുള്ള രോഗികൾക്കായും പ്രാർത്ഥിക്കുക. അവരെ ശുശ്രൂഷിക്കുന്നവർക്കായി ഹോം നേഴ്സുമാർ രക്ഷിക്കപ്പെടാൻ. ഡോക്ടർമാരും ആശുപത്രി ജീവനക്കാരും ദയയോടെയും സമർപ്പണത്തോടെയും രോഗികളെ പരിചരിക്കാൻ. | **31** വാർദ്ധക്യത്തിന്റെ പ്രയാസമനുഭവിക്കുന്നവർക്കായി. ദീർഘ വർഷങ്ങൾ വിവിധ ശുശ്രൂഷകൾ ചെയ്ത് വിശ്രമിക്കുന്നവർക്കായി, പി. കെ. മാത്യൂസ് (തിരുവല്ല) ഫിലിപ്പ് ഏബ്രഹാം (കല്ലിശ്ശേരി), വി.പി ജേക്കബ് (തിരുവനന്തപുരം) ടി.യു ചെറിയാൻ (രാജസ്ഥാൻ) റ്റി.ഇ. ഈശോ (ചെന്നൈ) തുടങ്ങിയവർക്കായി. രോഗികളെ സന്ദർശിച്ച് അവർക്കായി പ്രാർത്ഥിക്കുക. |
| **വ്യാഴം** സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | **4** ചത്തിസ്ഗഡ്, മദ്ധ്യപ്രദേശ് സംസ്ഥാനങ്ങൾക്കായി നടന്ന പ്രയർ കോൺഫറൻസ് വലിയ അനുഗ്രഹമായതിന് സ്തോത്രം ചെയ്യാം രാജ്നന്ദ്ഗാവിലെ ബൈബിൾ സ്കൂളിനായി സുവിഷേകൻമാരായ അതുൽ മസി, ഹർബുഷൻ എന്നിവർക്കായി. ദുർഗിലെ പ്രവർത്തനങ്ങൾക്കായി. മൂന്നു സഭകളുണ്ട് സുവി. എൻ. എസ്. ബോർഡേ, കെ.വി. തങ്കച്ചൻ, സിബു തോമസ് എന്നിവർക്കായി. | **11** ഇസ്തറിലെ സഹോ. മാത്യു ഏബ്രഹാം, ബാബു തോമസ്, (ഹൽബി ഭാഷയിൽ തർജ്ജമ) ഇ.പി ജോസ് തുടങ്ങിയവർക്കായി. ചത്തിസ്ഗഡിൽ മിക്കവാറും എല്ലായിടത്തും നക്സലൈറ്റ് സ്വാധീനമുണ്ട്. നേതൃത്വം നൽകുന്നവർ രക്ഷിക്കപ്പെടാൻ ഗവ. കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ. ബാലോദിലെ സഭാഹാൾ നിർമ്മാണത്തിന്. സുവി. പി.ജി. ഉണ്ണികൃഷ്ണൻ. കാങ്കീറിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക്. സുവി. ഒ.എസ് ഏലിയാസ്. | **18** പഞ്ചാബ് കർണ്ണാടക വൈ.എം.ഇ.എഫ് കാമ്പയിനുകൾ പുനരാരംഭിക്കുവാൻ. പഞ്ചാബിനുവേണ്ടി പ്രത്യേകം. സിക്ക് സമുദായത്തിൽ നിന്നും അനേകർ രക്ഷിക്കപ്പെടുവാൻ. മുഖ്യമന്ത്രി പ്രകാശ് സിംഗ് ബാദൽ. സുവി. മദൻ പോളിന് ബി.പി. കൂടുതൽ. ലുധിയാനയിലെ സഭക്കായി. മഹിൽപൂരിൽ പ്രവർത്തിക്കുന്ന ജഗ് ദേവ് കുമാർ, മിനി ദമ്പതികളുടെ, ഗ്രാമ സുവിശേഷീകരണ പ്രവർത്തനത്തിനായി. | **25** ആന്ധ്രയിലെ സഭകൾക്കായി. വിജയവാഡയിൽ ഫാമിലി കോൺഫറൻസ് നടത്തുന്നതിനായി ആന്ധ്രയിലെ സഭകൾക്ക് ഐക്യമുണ്ടാകാൻ. പ്രധാന സുവിശേഷകർ എം. ഇമ്മാനുവേൽ, എൻ. ആനന്തറാവു, സാം ബോബ്, ഡി. ജോൺ, വരപ്രസാദ റെഡ്ഡി, ജി. ദേവസഹായം, എസ്. പ്രഭുദാസ്. കേരളത്തിൽ നിന്നുള്ള എ.ജി ജേക്കബ്, കെ.വി. സാമുവേൽ തുടങ്ങിയവർക്കായി. |  |
| **വെള്ളി** ലോക രാജ്യങ്ങൾ | **5** ലോകത്തിലേക്കും നിയമ വാഴ്ചയില്ലാത്ത ആഫ്രിക്കൻ രാജ്യമായ സൊമാലിയ. ശരിക്കും ഭരണകൂടമില്ല കടൽക്കൊള്ളക്കാരുടെ വിഹാര രംഗം. സൊമാലിയായിലെ അരാജകത്വം അവസാനിക്കാൻ പ്രാർത്ഥിക്കുക. പ്രസിഡണ്ട് അബ്ദുല്ല യൂസഫ് സാഹിയുടെ താൽക്കാലിക ഭരണ കൂടത്തിന് രാജ്യത്തിന്റെ നിയന്ത്രണമില്ല. ജനസംഖ്യ 2 കോടിയിലധികം, സാക്ഷരത 24%. മുസ്ലീം 99.95, ക്രിസ്ത്യൻ 0.05 | **12** 10/40 ജാലക രാജ്യങ്ങളെ ഓർത്ത് (ആഫ്രിക്ക). അൾജീറിയ (ക്രിസ്ത്യൻ 0.3) ലിബിയ (2.5) മൊറോക്കോ (0.1) മൗനിത്താനിയ (0.2) ടൂണിഷ്യ (0.2) മാലി (1.8) നൈഗർ (0.4) ബർക്കിനാ ഫാസോ (18.4) ചാഡ് (27.8) സുഡാൻ (23.2) ഈ രാജ്യങ്ങളെപ്പറ്റി വിവരങ്ങൾ ശേഖരിച്ച് പ്രാർത്ഥിക്കുക. ഭരണാധികാരികളും വിപ്ലവം നയിക്കുന്നവരും കർത്താവിനെ അറിയുവാൻ. | **19** മാല ദ്വീപുകൾക്കായി. ആയിരത്തിലധികം ചെറു ദ്വീപുകൾ ചേർന്ന രാജ്യം. ഇൻഡ്യൻ മഹാസമുദ്രത്തിൽ. ഏറ്റവും കുറവ് സുവിശേഷം അറിയിക്കപ്പെട്ട രാജ്യം. ഔദ്യോഗിക മതം ഇസ്ലാം. മറ്റെല്ലാം നിരോധിക്കപ്പെട്ടിരിക്കുന്നു. 30 വർഷമായി ഏകാധിപതിയായിരുന്ന അബദുൾ ഗയൂം ആദ്യ തെരെഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. ചെറുപ്പക്കാരനായ മുഹമ്മദ് നഷീദ് പുതിയ പ്രസിജഡന്റ്." സുവിശേഷ സ്വാതന്ത്ര്യത്തിനായി പ്രാർത്ഥിക്കുക. | **26** സാമ്പത്തിക മാന്ദ്യം ഉണ്ടായാലും ദൈവമക്കൾ നിരാശപ്പെടേണ്ടതില്ല. കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു. അമേരിക്കയുടെ പുതിയ പ്രസിഡന്റ് ബറാക് ഒമാബയെ ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കുക. വിവേകത്തോടെ ദൈവഭയത്തിൽ ഭരിക്കുവാൻ. അയവുള്ള സമീപനമായതുകൊണ്ട് സുവിശേഷത്തിന്റെ സ്വാതന്ത്ര്യം അമേരിക്കയിൽ നഷ്ടപ്പെടാതിരിക്കാൻ. | |
| **ശനി** കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **6** അടുത്ത വർഷത്തെ വി.ബി.എസ് സിലബസിനായി കുട്ടികൾക്കുവേണ്ടിയുള്ള പ്രസിദ്ധീകരണങ്ങൾക്കായി, ചൈൽഡ് ഇവാൻജലിസം, ബാലസംഘം, സി.ഇ.എഫ് പ്രവർത്തനങ്ങളെ ഓർത്ത്, 5 ഡേ വി.ബി.എസ് സിലബസ് തെലുങ്ക്, കന്നഡ, മറാത്തി, ഹിന്ദി ഭാഷകളിൽ തർജ്ജമ ചെയ്യാൻ. | **13** സ്കൂൾ പ്രവർത്തനങ്ങൾക്കായി, ചത്തിസ് ഗഡിലെ ഇർപ്പനാർ ജീവൻ ജ്യോതി, ജംതാരയിലെ എഡ്വേർഡ് മിഷൻ സ്കൂൾ, നോയൽ മെമ്മോറിയൽ സ്കൂളുകൾ അഭിവൃദ്ധിപ്പെടാൻ, ബാംഗ്ലൂർ ക്ലാരൻസ്, ഊട്ടിയിലെ ഹെബ്രോൻ, കൊള്ളേഗൽ സ്കൂളിലെ പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടായതിന് സ്തോത്രം ചെയ്യാം. കുമ്പനാട് ബ്രദ്റൻ സ്കൂൾ. | **20** വടക്കേ ഇൻഡ്യൽ പുതിയ മിഷൻ സ്കൂളുകൾ ആരംഭിക്കാൻ പ്രാർത്ഥിക്കുക. പോൾ തിമോത്തി ട്രസ്റ്റിനായി. ആർദ്രം മുഖേന രോഗികൾക്ക് താമസ സൗകര്യം കൊടുക്കുന്ന ശുശ്രൂഷയ്ക്കായി. ലുധിയാന സി.എം.സി, വെല്ലൂർ മെഡിക്കൽ കോളേജുകൾക്കായി. നമ്മുടെ മദ്ധ്യത്തിൽ മെഡിക്കൽ കോളേജിനായി | **27** യുവജനങ്ങൾക്കുവേണ്ടിയുള്ള ശുശ്രൂഷകൾ, ഏപ്രിലിൽ നടക്കുന്ന എസ്. എസ്. എൽ ക്യാമ്പ്, കോളേജ് സ്റ്റുഡൻസ് ക്യാമ്പിനായി, ടീൻസ് ക്യാമ്പുകൾ, പോൾ - തിമോത്തി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനായി, വൈ.എം.ഇ.എഫ് പ്രവർത്തനങ്ങൾക്കുവേണ്ടി, നാഷണൽ എം.സി.സി. യുടെ വടക്കേ ഇൻഡ്യൻ ഫോളോ അപ്പിനായി. | |

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,